പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1681

14/12/2012 -ൽ മറുപടിയ്ക്ക്

അഭിഭാഷകരുടെ പ്രതിഫലം വർദ്ധിപ്പിക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി. | ഡോ. എം. കെ. മുനീർ, ( ബഹു. പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളുടെ കേസുകൾ നടത്തുന്നതിന് മുൻസിഫ്, ജില്ല, ഹൈക്കോടതി എന്നീ കോടതികളിൽ ഹാജരാകുന്ന അഭിഭാഷകർക്ക് ഫീസിനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് നൽകാവുന്ന തുക നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. 2003-ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ കേസുകൾ നടത്തുന്നതിന് മുൻസിഫ്, ജില്ല, ഹൈക്കോടതി എന്നീ കോടതികളിൽ ഹാജരാകുന്ന അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകാവുന്ന തുക നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടപ്രകാരം സിവിൽ കേസുകളിൽ നിയമാനുസൃതഫീസ് അല്ലെങ്കിൽ കേസൊന്നിന് 1500/- രൂപയിൽ കവിയാതെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് നൽകാവുന്നതാണ്. ക്രിമിനൽ കേസുകളിൽ ബന്ധപ്പെട്ട കേസ് സംബന്ധമായി അഭിഭാഷകർ പ്രാക്റ്റീസ് ചെയ്യുന്ന സ്ഥലത്തുള്ള ഒരു കോടതിയിൽ മൂന്ന് മണിക്കൂറിൽ കുറഞ്ഞ സമയം ഹാജരാകുന്ന ഓരോ ദിവസത്തിനും 250 രൂപയിൽ കവിയാതെയും മൂന്ന് മണിക്കൂറിൽ കൂടുതൽ സമയം ഹാജരാകുന്ന ഓരോ ദിവസത്തിനും 500/- രൂപയിൽ കവിയാതെയും പ്രാക്ടീസ് ചെയ്യുന്ന സ്ഥലത്ത് അല്ലാത്ത ഒരു കോടതിയിൽ ഹാജരാകുന്ന ഓരോ ദിവസത്തിനും 500/- രൂപയിൽ കവിയാതെയും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിലും ഫീസ് നൽകാം. |

എന്നാൽ ഒരേ ദിവസം തന്നെ ഒന്നിൽക്കൂടുതൽ കേസുകൾക്ക് വേണ്ടി ഒരേ കോടതിയിൽ അല്ലെങ്കിൽ ഒരേ സ്ഥലത്തുള്ള കോടതികളിൽ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകന് എല്ലാ കേസുകളിലേക്കുമായി ആ ദിവസത്തേക്ക് നൽകാവുന്ന ഫീസ് 500/- രൂപയിൽ കവിയാൻ പാടുള്ളതല്ല.

(ബി) കേസിൻെറ സ്വഭാവപ്രകാരം അഭിഭാഷകർ ആവശ്യപ്പെടുന്ന പ്രതിഫലം നൽകുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുവാദം ഉണ്ടോ;

(ബി) സങ്കീർണ്ണമായ നിയമപ്രശ്നങ്ങൾ അടങ്ങിയിട്ടുള്ളതും കേസ് നടത്തിപ്പിന് വളരെയധികം നിയമപരിജ്ഞാനം ആവശ്യമുള്ളതുമായ ഒരു കേസിന്റെ കാര്യത്തിൽ ബന്ധപ്പെട്ട അഭിഭാഷകന് പഞ്ചായത്ത് തീരുമാനിക്കുന്ന പ്രകാരം പരിധിയിൽ കവിഞ്ഞ ഫീസ് പഞ്ചായത്ത് ഡയറക്ടറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തിന് വിധേയമായി അനുവദിക്കാവുന്നതാണ്.

(സി) അഭിഭാഷകർക്ക് നൽകേണ്ട പ്രതിഫലം കാലോചിതമായി വർദ്ധിപ്പിച്ചുനൽകാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുവാദം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ;

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ആഫീസർ